**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1469** | 03.05.2017 ൽ മറുപടിക്ക്

***ഐ.ടി. നയം***

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി നയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ നയം എന്നു മുതൽ പ്രാബല്യത്തിൽ വരും; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് വിവര സാങ്കേതിക വിദ്യയുള്ള നിർണ്ണായക പങ്ക് മനസ്സിലാക്കിക്കൊണ്ടുള്ള ഐ.ടി നയമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഐ.ടി നയം 2017-ന്റെ കരട് രൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ഈ മേഖലയിലെ മറ്റ് വിദഗ്ദ്ധരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നയത്തിന് അന്തിമ രൂപം നൽകി വരികയാണ്. |
| (ബി) | ഐ.ടി നയത്തിന്റെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും തൊഴിൽ സംരക്ഷണത്തിനും വ്യക്തമായ രൂപരേഖ തയ്യാറാക്കുമോ; | (ബി) | ഐ.ടി നയത്തിന്റെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും, തൊഴിൽ സംരക്ഷണത്തിനും ആവശ്യമായ നടപടികൾ ഐ.ടി ഉപനയം രണ്ടിൽ ഖണ്ഡിക 6 (വ്യവസായം സുഗമമാക്കുന്നതിനുള്ള നയം/ തൊഴിൽ നിയമങ്ങൾ ലഘൂകരിക്കൽ) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേരളത്തിൽ ചെറുകിട പാർക്കുകൾ എന്ന ആശയത്തെ അംഗീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | കേരളത്തിൽ ഗ്രാമീണ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെറുകിട പാർക്കുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങി വിവര സാങ്കേതിക വിദ്യാ അധിഷ്ഠിതമാക്കിക്കൊണ്ടുള്ള എല്ലാ സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകും വിധമാണ് കരട് ഐ.ടി നയം രൂപീകരിച്ചിരിക്കുന്നത്. |

Sandharan

സെക്ഷൻ ഓഫീസർ